പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 172** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മരുന്നുവിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കെ.എം.എസ്.സി.എൽ-നെ ഒഴിവാക്കി ക്യാൻസർ, ജീവിതശൈലി രോഗങ്ങൾ എന്നിവക്കുള്ള മരുന്നുവിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** പരിഗണനയിലില്ല.

**(ബി)** സ്വകാര്യകമ്പനികളിൽ നിന്ന് ഉയർന്ന വിലയിൽ മരുന്നുവാങ്ങിയാൽ ഇത് നിർധന രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെ എങ്ങിനെ പരിഹരിക്കാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ ആശുപത്രികളിൽ നിന്ന് എല്ലാ മരുന്നുകളും രോഗികൾക്ക് സൗജന്യമായാണ് നൽകുന്നത്

**(സി)** സംസ്ഥാനത്ത് ഏർപ്പെടുത്തിയ വൈദ്യുതിനിയന്ത്രണത്തിന്റെ ഭാഗമായി വൈദ്യുതി ഇല്ലാതെ ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** വൈദ്യുതി ഇല്ലാതെ ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുന്ന സംഭവങ്ങൾ ഒന്നും തന്നെ ഇല്ല.

**(ഡി)** സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് ആവശ്യത്തിനുള്ള മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികളിലെ ഫാർമസികളിൽ നിന്നു ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. വിതരണക്കാരെ ലഭ്യമായ എല്ലായിനം മരുന്നുകളും സംസ്ഥാനത്തെവിവിധ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും, ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത ദിവസവും നിരീക്ഷിച്ച് വരുന്നുണ്ട്, മരുന്നുകളുടെ ലഭ്യത കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കി വരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ വെയർഹൗസ് മാനേജർമാരുടെ അവലോകന യോഗം നടത്തി വരുന്നു. മരുന്നുകളുടെ ജില്ലാ തല സ്റ്റോക്ക്

വിശകലനം ചെയ്ത സ്റ്റോക്ക് ലഭ്യത ഉറപ്പു വരുത്തുന്നതിനായി DHS തലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗം ചേരുന്നുണ്ട്.

ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം ഇവ ചെയ്ത് പരിഹരിക്കുന്നു. സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെയും മറ്റു ജീവൻ രക്ഷാ ഔഷങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെയും മറ്റു ജീവൻ രക്ഷാ ഔഷധങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

ഏതെങ്കിലും മരുന്നിന് കുറവ് നേരിടുന്ന പക്ഷം, ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ലോക്കൽ പർച്ചേസ് മുഖേന അവ ഉറപ്പാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഇ)** മിക്ക മരുന്നുകളും സ്വകാര്യ ഫാർമസികളിൽനിന്നാണ് രോഗികൾ വാങ്ങുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;ചെറിയ മരുന്നുകൾ മുതൽ ജീവൻരക്ഷാ ജീവിതശൈലി മരുന്നുകൾക്കും സപ്ലിമെന്റുകൾക്കും വാക്സിനുകൾക്കും വരെ സർക്കാർ ആശുപത്രികളിൽ വലിയ ക്ഷാമം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ആശുപത്രി ഫാർമസികളിൽ നിന്നുതന്നെ ലഭ്യമാക്കിവരുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ മരുന്നുകൾക്ക് വലിയ ക്ഷാമംനേരിടുന്നുവെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.മരുന്നുകളുടെ സ്റ്റോക്ക് നില കെ.എം.എസ്.സി.എൽ. മുഖേന നിരീക്ഷിച്ചുവരുന്നുണ്ട്. ഏതെങ്കിലും ഇനത്തിന്റെ സ്റ്റോക്കിൽ കുറവ് ശ്രദ്ധയിൽപ്പെടുന്ന പക്ഷം മറ്റ് സംഭരണ കേന്ദ്രങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എത്തിച്ചുനൽകുന്നതിനും, ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ലോക്കൽ പർച്ചേസ് മുഖേന ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**(എഫ്)** വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിൽ മോർച്ചറിയിൽ ഫ്രീസർ തകരാറിലായതിനെ തുടർന്ന് മൃതദേഹം അഴുകിയതായി സെപ്തംബർ 25,26 തീയതികളിലെ മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ ഔദ്യോഗിക അന്വേഷണം നടത്തിയിട്ടുണ്ടോ; സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിൽ മോർച്ചറിയിൽ ഫ്രീസർ തകരാറിലായതിനെ തുടർന്ന് മൃതദേഹം അഴുകിയ പരാതിയിൽ ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും, കൂടാതെ പരാതി സംബന്ധിച്ച് വിശദമായ അന്വേഷണത്തിനും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുമായി അഡീഷണൽ ജില്ലാ മെഡിക്കൽ ആഫീസർ ഡോ.ആശ കെ.കെ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**